**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ വിഭാഗങ്ങളോടുള്ള വിവേചനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക ജാതി വിഭാഗങ്ങൾക്ക് പട്ടിക ജാതി വകുപ്പ് നേരിട്ട് ടോയ്ലറ്റ് നിർമ്മാണം, മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം തുടങ്ങിയവയ്ക്കായി വ്യക്തമായ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ദുർബല വിഭാഗമായ പട്ടിക വർഗ വിഭാഗക്കാർക്കായി പട്ടിക വർഗ വികസന വകുപ്പ് നേരിട്ട് സമാന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | ഉണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് നിലവിൽ ടോയ്ലറ്റ് ഗ്രാന്റ് അനുവദിച്ച് നൽകുന്നില്ല. മരണാനന്തര ചടങ്ങുകൾക്ക് 5000/- രൂപ ധനസഹായം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്ക് മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം പ്രത്യേക പദ്ധതിയായി നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ആഫീസുകൾ മുഖേന ഇത്തരം ആവശ്യങ്ങൾക്ക് അടിയന്തിര ധനസഹായത്തിൽ ആവശ്യപ്പെട്ടിട്ടുള്ള തുക (പരമാവധി 5,000/- രൂപ വരെ) അനുവദിച്ച് വരുന്നുണ്ട്. ടോയ്ലറ്റ് നിർമ്മാണത്തിന് പ്രത്യേക പദ്ധതികൾ നിലവിൽ ഇല്ല. എന്നാൽ പുതിയ ഭവനനിർമ്മാണത്തിൽ ടോയ്ലറ്റ് നിർബന്ധമായും നിർമ്മിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ